(സി) നിലവിൽ ഐ.എച്ച്.എസ്.ഡി.പി. പദ്ധതി പ്രകാരമുള്ള ചേരിവികസന പ്രവർത്തനങ്ങൾ ആലപ്പുഴ നഗരത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. പ്രത്യേക പദ്ധതികൾ നടപ്പിലാക്കുന്നത് സംബന്ധിച്ചുള്ള പുതിയ പ്രൊപ്പോസലുകൾ ഇപ്പോൾ പരിഗണനയിലില്ല.

മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാൻ സ്വീകരിച്ച നടപടി

189(397) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും മജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ഇതിനായി വിവിധ പുഴകളിലും നദികളിലും എത്തൊക്കെയിനത്തിൽപ്പെട്ട മത്സ്യക്കുഞ്ഞുങ്ങളെയാണ് നിക്ഷേപിച്ചിട്ടുള്ളത് ;

(സി) പുഴകളിലും നദികളിലും വിഷാംശം കലർത്തിയും കറന്റ് ഉപയോഗിച്ചും, മറ്റ് രീതികളിലും അനധികൃതമായി മത്സ്യം പിടിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇവ തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കർഷകർക്ക് സാമ്പത്തിക, സാങ്കേതിക സഹായം നൽകുന്നതിന് രൂപീകരിച്ചിട്ടുള്ള മത്സ്യ കർഷക വികസന ഏജൻസികൾ വഴി മത്സ്യ/ആറ്റു കൊഞ്ച്/ചെമ്മീൻ കൃഷി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതമായി നടപ്പാക്കിവരുന്നു. കൂടാതെ കേരളത്തിലെ ലഭ്യമായ ജല സ്രോതസ്സുകൾ ഉപയോഗപ്പെടുത്തി വൈവിധ്യമാർന്ന ജലകൃഷി സമ്പ്രദായങ്ങൾ വഴി മത്സ്യകൃഷിയും മത്സ്യോല്പാദനവും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 'മത്സ്യ കേരളം' പദ്ധതി നടപ്പാക്കി വരുന്നു. ഇതിനു പുറമെ അഡാക്ക് മുഖേന കുട്ടനാടൻ പാടശേഖരങ്ങളിൽ നെൽകൃഷിക്കുശേഷം മത്സ്യകൃഷി നടത്തുന്ന ഒരു നെല്ലും ഒരു മീനും പദ്ധതിയും കോൾ നിലങ്ങളിൽ ആറ്റു കൊഞ്ചു കൃഷിയും നടപ്പാക്കി വരുന്നു. പാലക്കാട്, വയനാട്, കാസർഗോഡ് ജില്ലകളിൽ വീടിനു പാക്കേജ് വഴി മത്സ്യകൃഷി നടപ്പാക്കി വരുന്നു. എൻ.എഫ്.ഡി.ബി. ധനസഹായത്തോടെ റിസർവോയർ മത്സ്യകൃഷി പാലക്കാട് ജില്ലയിലും കൂടാതെ തെരഞ്ഞെടുക്കപ്പെട്ട 16 റിസർവോയറുകളിലും നടപ്പാക്കി വരുന്നു. ഉൾനാടൻ മത്സ്യകൃഷിപ്രോത്സാഹിപ്പിക്കുന്നതിന് രാഷ്ട്രീയ കൃഷി വികാസ് യോജന പ്രകാരം ആറ്റു കൊഞ്ച്/കരിമീൻ/ചെമ്മീൻ കൃഷിയും വിവിധ ജില്ലകളിൽ നടപ്പാക്കി വരുന്നു. കൂടാതെ സാമൂഹ്യ മത്സ്യകൃഷി പദ്ധതിയുടെ ഭാഗമായി പൊതു ജലാശയങ്ങളിൽ ഇന്ത്യൻ മേജർ കാർപ്പ് മത്സ്യങ്ങളെയും ആറ്റുകൊഞ്ചിനെയും നിക്ഷേപിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇന്ത്യൻ മേജർ കാർപ്പ് ഇനത്തിൽപ്പെട്ട കട്ല, രോഹു, മൃഗാൾ മത്സ്യങ്ങൾ,ആറ്റു കൊഞ്ച് എന്നിവയാണ് നിക്ഷേപിക്കുന്നത്.

(സി) ഉണ്ട്.

(ഡി) വിനാശകരമായ രീതിയിലുള്ള മത്സ്യബന്ധനം തടയുന്നതിന് ജനങ്ങൾക്കിടയിൽ ബോധവൽക്കരണം നടത്തുന്നുണ്ട്. കൂടാതെ മറൈൻ എൻഫോഴ്സ്മെന്റ് കായൽ പ്രദേശങ്ങളിൽ പട്രോളിംഗ് ശക്തമായി നടത്തി വരുന്നു.

ഫിഷിംഗ് ബോട്ടുകളുടെ എണ്ണം കുറയ്ക്കുന്നതിന് നടപടി

190(398) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:
ശ്രീ. എൻ. ശക്തൻ:
ശ്രീ. എ. എ. ഷുക്കൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശാസ്ത്രീയമല്ലാത്ത മീൻപിടുത്തത്തിലൂടെ മത്സ്യസമ്പത്ത് ഇല്ലാതാവുകയോ പല മത്സ്യങ്ങൾക്കും വംശനാശം തന്നെ സംഭവിക്കുന്നുവെന്നുമുള്ള പഠന റിപ്പോർട്ട് ലഭിച്ചിരുന്നുവോ ;

(ബി) ഇത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് അറിയിക്കുമോ ;

(സി) ഫിഷിംഗ് ബോട്ടുകളുടെ എണ്ണം സംസ്ഥാനത്ത് കൂടുതലായതിനാലാണ് മത്സ്യസമ്പത്ത് ക്രമാതീതമായി കുറയുന്നതെന്ന് കണ്ടെത്തിയിട്ടുണ്ടോ :

(ഡി) എങ്കിൽ ബോട്ടുകളുടെ എണ്ണം കുറയ്ക്കുന്നതിന് എന്തൊക്കെ നിർദ്ദേശങ്ങളാണ് സർക്കാരിന്റെ പരിഗണനയിലുള്ളത് ?

ഉത്തരം

(എ) ഇല്ല.

(ബി) ശാസ്ത്രീയമല്ലാത്ത മീൻപിടുത്തം നിയന്ത്രിക്കുന്നതിന് കെ.എം.എഫ്.ആർ. ആക്ട് പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

(സി) മത്സ്യസമ്പത്ത് കുറയുന്നതായി പഠന റിപ്പോർട്ടുകളിൽ പ്രതിബാധിക്കുന്നില്ല. മത്സ്യബന്ധനം സംബന്ധിച്ച് പഠനം നടത്തിയിട്ടുള്ള കലാവർ കമ്മിറ്റി മുതലുള്ള എല്ലാ കമ്മിറ്റികളുടെയും പഠന റിപ്പോർട്ടുകളിൽ അനിയന്ത്രിതമായ ബോട്ടുകളുടെ എണ്ണം ക്യാച്ച് പെർ യൂണിറ്റ് എഫർട്ട് കുറയാൻ കാരണമാകുമെന്ന് പ്രതിബാധിക്കുന്നുണ്ട്.

(ഡി) ഡോ. ബി. മധുസൂദനക്കുറുപ്പ് (കുസാറ്റ്) ചെയർമാനായി രൂപീകരിച്ച കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശകൾ സർക്കാർ പരിശോധിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly